بسم الله الرحمن الرحيم

26.11.2010
ബൈതുൽ ഫുതൂഹ്
ലണ്ടൻ

കഴിഞ്ഞ ഖുത്വുബയിൽ ഞാൻ ക്ഷമ എന്ന ശ്രേഷ്ടമായ ധാർമ്മിക ഗുണത്തെക്കുറിച്ച് തിരുനബി ﷺ നൽകിയ അധ്യാപനങ്ങൾ, തിരുദൂതരുടെ ഉത്തമമാതൃക, തിരുസഹാബത്തിന്റെ ചില സംഭവങ്ങൾ ഉദാഹരണമെന്ന നിലയിൽ കേൾപ്പിച്ചിരുന്നു. ഈ ഉന്നത സ്വഭാവഗുണം സ്വായത്തമാക്കാൻ തിരുനബി ﷺ തന്നെ ആംഗീകരിച്ചവരോട് ഉപദേശിക്കുകയും അതിന്നായി തന്റെ ഉദാത്ത മാതൃക സമർപ്പിക്കുകയും ചെയ്തു. ഇപ്രകാരം ചെയ്യാനുള്ള കാരണം അല്ലാഹുവിന്റെ കൽപനയായ اِسْتَعِيْنُوْا بِالصَّبْرِ وَالصَّلٰوةِ എന്നത് പ്രാവർത്തികമാക്കുന്നതിനുവേണ്ടിയാണ്. അല്ലാഹുവിൽ പൂർണ്ണ വിശ്വാസമുള്ളവർക്കും തവക്കുൽ ഉള്ളവർക്കും തങ്ങളുടെ ക്ഷമയും സമ്പൂർണ്ണമായി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുകയും ചെയ്യുന്നതിന്റെ ഫലമായി തീർച്ചയായും അല്ലാഹു സഹായിക്കുന്നവനാണെന്നും വിശ്വസിക്കുന്നുവർക്ക് മാത്രമേ ക്ഷമയുടെ ഉന്നത മാതൃക പ്രകടിപ്പിച്ചുകൊണ്ട് ദുആ മുഖേന അല്ലാഹുവിന്റെ സഹായം നേടാൻ കഴിയുകയുള്ളൂ.

തിരുനബി ﷺ യെക്കാളും ശ്രേഷ്ഠമായ രീതിയിൽ ആർക്കാണ് ഇത്ര ശക്തമായ വിശ്വാസവും ദൃഢജ്ഞാനവും ഉണ്ടായിരിക്കുക. ആ മഹാത്മാവിന്റെ വിശുദ്ധീകരിക്കുന്ന ശക്തി മുഖേന സഹാബാക്കൾക്കും ഇതിനെക്കുറിച്ചുള്ള തിരിച്ചറിവ് ലഭിക്കുകയുണ്ടായി. അവരുടെ ഈ പ്രവർത്തനം കാരണമായി അല്ലാഹുവിന്റെ സഹായം ഏതുവിധത്തിലാണ് വിവിധ സന്ദർഭങ്ങളിൽ അവരോടൊപ്പം ഉണ്ടായതെന്ന മനോഹര ദൃശ്യം അവർ കാണുകയുണ്ടായി. ഇക്കാലത്ത് തിരുനബി ﷺ യുടെ പ്രിയ പ്രേമിയേക്കാളും കൂടുതൽ ആർക്കാണ് اِسْتَعِيْنُوْا بِالصَّبْرِ وَالصَّلٰوةِ എന്നതിന്റെ പൊരുൾ മനസ്സിലാക്കാൻ സാധിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ സഹാബത്തിൽ ഈ ഒരു കാര്യമാണ് ഉണ്ടാക്കാൻ ശ്രമിച്ചതും, നിലനാട്ടിയതും. വിവിധ ഉപദേശനിർദേശങ്ങൾ മുഖേന തന്റെ ജമാഅത്തിനെ ഈ മഹത്തായ സദ്ഗുണമനുസരിച്ച് പ്രവർത്തിക്കാൻ നിർദേശിക്കുകയും ചെയ്തു. ഈ ശിക്ഷണം മുഖേന ഇന്ന് നബി ﷺ ന്റെ പ്രിയ പ്രേമിയുടെ ഈ ജമാഅത്താണ് ക്ഷമയുടേയും സ്ഥിരചിത്തതയുടേയും ഉത്തമമാതൃകകൾ കാണിച്ചുകൊണ്ട് അല്ലാഹുവിനോട് സഹായം തേടുന്നവർ. അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് അവന്റെ സവിധത്തിൽ മാത്രം തങ്ങളുടെ ഹൃദയാവസ്ഥ വിവരിക്കുന്നു. ഇതെല്ലാം തന്നെ പ്രവർത്തനരൂപത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമുക്ക് കാണിച്ചുതരികയും ചെയ്തിട്ടുണ്ട്. ജമാഅത്തിൽ ഇന്നും നില നിന്നുവരുന്നത് ആ ശിക്ഷണത്തിന്റെ സ്വാധീനമാണ്. ജമാഅത്ത് ഈ മഹത്തായ ധാർമ്മികഗുണത്തെ നിലനിർത്തിപ്പോരുന്നു. നാനാവിധ കഷ്ടപ്പാടുകളിലൂടെയും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് തന്റെ വാദത്തിന് ശേഷം കടന്നുപോകേണ്ടി വന്നിട്ടുണ്ട്. എന്നാൽ എപ്പോഴും തന്നെ ക്ഷമയുടേയും സഹനത്തിന്റെയും ആത്മധൈര്യത്തിന്റെയും മാതൃകയാണ് അദ്ദേഹം പ്രകടിപ്പിച്ചത്. സ്വയം പ്രകടമാക്കുക മാത്രമല്ല, തന്റെ അനുചരന്മാരോടും ഇത് തന്നെ കൽപിച്ചു. എന്നോടൊപ്പം നിങ്ങൾ ചേർന്നിരിക്കുന്നതുകൊണ്ട് തിരുനബി ﷺ പ്രകടിപ്പിച്ച മാതൃകകളാണ് നിങ്ങൾ പിൻപറ്റേണ്ടത്. ആ മാർഗ്ഗത്തിൽ ചരിച്ചുകൊണ്ടാണ് സഹാബത്ത് തങ്ങളുടെ ജീവിതം നയിച്ചിരുന്നത്.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ജീവിതത്തിലെ ചില സംഭവങ്ങൾ കേൾപ്പിക്കുന്നതാണ്. ആ മഹാത്മാവ് വിവിധ സന്ദർഭങ്ങളിൽ എങ്ങിനെയാണ് ക്ഷമയുടെ മാതൃക പ്രകടിപ്പിച്ചതെന്ന് മനസ്സിലാകുന്നതാണ്. ചെറിയ ചെറിയ സംഭവം മുതൽ വലിയ വലിയ സംഭവങ്ങൾ വരെ ഇതിൽ ഉൾപ്പടുന്നു. തന്നെ അംഗീകരിച്ചവരോട് ഇങ്ങിനെ പ്രവർത്തിക്കാൻ ഉപദേശിക്കുകയും ഈ മാതൃക പ്രാവർത്തികമാക്കാൻ കർഷന നിർദേശം നൽകുകയും ചെയ്തു.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ നേരിട്ട് വിവിധ സമയങ്ങളിൽ ഇൽഹാം മുഖേനയും ഈ സുപ്രധാന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചട്ടുണ്ട്. ക്ഷമയുടെയും ഉൽകൃഷ്ഠ സ്വഭാവത്തിന്റെയും മാതൃക ഒരിക്കലും കൈവിടരുത്. എന്തുതന്നെ അവസ്ഥ വന്നാലും, ശത്രു എത്ര നീചമായ പ്രവർത്തനങ്ങൾ ചെയ്താലും നാശനഷ്ടങ്ങൾ വരുത്തുന്നതിനായി ഏതുതരം മാർഗ്ഗം അവർ സ്വീകരിച്ചാലും, ഇനി നാശനഷ്ടങ്ങൾ വരുത്തിയാൽ തന്നെയും നിങ്ങൾ ക്ഷമയും സ്ഥൈര്യവും ഒരിക്കലും കൈവിടരുത്. ദുആ മുഖേന അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കുക. അല്ലാഹുവിന്റെ സഹായം പ്രതീക്ഷിച്ചുകൊണ്ടിരിക്കുക.അല്ലാഹുവിന്റെ ദാസരിൽ പരീക്ഷകളും പരീക്ഷണങ്ങളും അല്ലാഹുവിൽ നിന്നും വരുന്നു. എന്നാൽ അല്ലാഹുവിന്റെ ദാസർ അല്ലാഹുവിനുവേണ്ടി അത് ക്ഷമിക്കുന്നു. ബറാഹീനെ അഹ്മദിയ്യായിൽ ഇതുസംബന്ധമായി ആ മഹാത്മാവ് തന്റെ ഒരു ഇൽഹാം ഇപ്രകാരം രേഖപ്പെടുത്തുന്നു.

**അൽ ഫിത്നതു ഹാഹുനാ ഫസ്ബിർ കമാ സ്വബറ ഉലുൽ അസ്മി അലാ ഇന്നഹാ ഫിത്നതു മിനല്ലാഹി ലിയുഹിബ്ബ ഹുബ്ബൻ ജമ്മാ . ഹുബ്ബൻ മിനല്ലാഹിൽ അസീസിൽ അക്റമി അത്വാഅൻ ഗയ്റ മജ്ദൂദ്.**

ഇവിടെ പരീക്ഷണം ഉണ്ട്. ധൈര്യശാലികളായവർ ക്ഷമ കൈക്കൊണ്ടതുപോലെ ക്ഷമ കൈക്കൊള്ളുക. ജാഗരൂകരായിരിക്കുക. ഈ പരീക്ഷ ണം അല്ലാഹുവിൽ നിന്നുള്ളതാണ്. അല്ലാഹു നിന്നെ പൂർണ്ണമായ രീതിയിൽ സ്നേഹിക്കുന്നതിന് വേണ്ടിയാണിത്. ഏറ്റവും ആദരണീയനും മഹത്വമുടയവനുമായ അല്ലാഹുവിന്റെ സ്നേഹം. അവന്റെ ഔദാര്യം ഒരിക്കലും അറ്റുപോകുന്നതല്ല. ബൈഅത്ത് വാങ്ങുന്നതിനുമുമ്പും തുടക്കത്തിൽ തന്നെയും അല്ലാഹു അദ്ദേഹത്തോട് ക്ഷമയെക്കുറിച്ച് പറഞ്ഞിരുന്നു. ഇത് ആ മഹാത്മാവ് ജീവിതത്തിൽ പകർത്തിക്കാണിക്കുകയുണ്ടായി. ജീവിതാന്ത്യം വരെ ഇത് നിലനിർത്തുകയും ചെയ്തു. ഞാൻ പറഞ്ഞതുപോലെ അതിനുള്ള ചില ഉദാഹരണങ്ങൾ ഞാൻ കേൾപ്പിക്കുന്നതാണ്.

ഹദ്റത്ത് ശേഷ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി رضي الله عنه വിവരിക്കുന്നു. ഒരിക്കൽ 1898-ൽ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് അസഭ്യം നിറഞ്ഞ ഒരു മാഗസിൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് അയച്ചുകൊടുത്തു. ഞാൻ 27 ജൂലൈ 1898-ൽ അൽ ഹഖമിൽ ഇതെഴുതിയിട്ടുണ്ട്. (അദ്ദേഹം തന്റെ റിപ്പോർട്ടിൽ എഴുതുന്നു) ഇന്നേക്ക് 30 വർഷം മുമ്പുള്ള ഈ സംഭവങ്ങൾ മസീഹ് മൗഊദ് عليه السلام ന്റെ ധൈര്യം, ആത്മ നിയന്ത്രണം, ദൈവത്തിലേക്കുള്ള ശ്രദ്ധ എന്നീ ഗുണങ്ങൾ ഓർത്തുകൊണ്ട് വായിക്കുമ്പോൾ എന്റെ കണ്ണിൽ നിന്നും കണ്ണുനീർ അനിയന്ത്രിതമായി ഒഴുകുകയാണ്. ആ അസഭ്യം നിറഞ്ഞ മാഗസിന് അദ്ദേഹം പ്രതികരിച്ചത് തികഞ്ഞ ക്ഷമയോടും ആത്മനിയന്ത്രണത്തോടും കൂടിയായിരുന്നു. അദ്ദേഹത്തിന്റെ സ്ഥിരതയെ ഒന്നിനും ഇളക്കിമാറ്റാൻ സാധിച്ചിട്ടില്ല. വളരെ ശാന്തപ്രകൃതമായിരുന്നു. പർവ്വതത്തെപ്പോലെ ഉറച്ചുനിന്നു. ഈ സംഭവം തെളിയിക്കുന്നത് ആ മഹാത്മാവിന്റെ മഹിമാ വിലാസമാണ്. എത്രതന്നെ ചീത്ത പറഞ്ഞാലും അതിൽ അസ്വസ്ഥത പ്രകടിപ്പിക്കാറില്ല. അതായത് ആരെങ്കിലും ചീത്ത പറഞ്ഞാൽ അപമര്യാദ പ്രകടിപ്പിച്ചുകൊണ്ട് അസ

ഭ്യത്തിനെതിരെ കഠിനമായി പ്രതികരിച്ചിട്ടില്ല. ഇർഫാനി ؓ പറയുന്നു. **ഫസ്ബിർ കമാ സ്വബറ ഊലുൽ അസ്മി മിനർറുസുലി** എന്ന അദ്ദേഹത്തിന് ഇറങ്ങിയ അല്ലാഹുവിന്റെ വഹ്‌യ് അല്ലാഹുവിൽ നിന്ന് തന്നെയാണ് എന്നതിനുള്ള തെളിവാനിത്. ആ അല്ലാഹു തന്നെയാണ് അമാനുഷികവവും അത്ഭുതകരവുമായ ക്ഷമയും ധൈര്യവും അദ്ദേഹത്തിന് നൽകിയതും. ഇങ്ങനെയുള്ള ഗുണം ധൈര്യശാലികളായ പ്രവാചകന്മാർക്കാണ് നൽകപ്പെടാറുള്ളത്. പല ഫിത്നകളെക്കുറിച്ചും നേരത്തെ തന്നെ അല്ലാഹു ആ മഹാത്മാവിന്ന് അറിവ് നൽകിയിരിക്കുന്നു. ആ ഫിത്നകൾ അതിന്റെ സമയത്ത് അതിശക്തമായ നിലയിൽ വെളിപ്പെടുകയും ചെയ്തു. എന്നാൽ ഒരവസത്തിൽ പോലും സ്ഥിരചിത്തതക്ക് അൽപംപോലും പോറൽ ഏറ്റിട്ടില്ല.

ശൈഖ് യഅ്ഖൂബ് അലി സാഹിബ് ؓ വീണ്ടും എഴുതുന്നു. മഹ്ബൂബ് എന്ന സ്ഥലത്തുള്ള ഒരു സംഭവമാണ്. ഒരു സമ്മേളനത്തിൽ അംബാശ് മൂദംദാർ ബാബു എന്ന ഹിന്ദു നേതാവ് ഹദ്റത്ത് സാഹിബിനോട് എന്തോ ചോദിക്കുകയായിരുന്നു. ഹദ്റത്ത് സാഹിബ് അതിന് മറുപടി നൽകിക്കൊണ്ടിരുന്നു. ഈ ഇടയിൽ അസഭ്യം പുലമ്പുന്ന ഒരു എതിരാളി വന്നു. എന്നിട്ട് മസീഹ് മൗഊദിന്റെ മുഖത്ത് നോക്കി വളരെ നീചവും നികൃഷ്ടവുമായ വാക്കുകൾ പറഞ്ഞുകൊണ്ടിരുന്നു. ശൈഖ് സാഹിബ് പറയുന്നു. ആ രംഗം ഇപ്പോഴും എന്റെ മുമ്പിലുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് ؑ വായ അടച്ചുപിടിച്ചിരിക്കുകയായിരുന്നു. പൊതുവിൽ തലപ്പാവിന്റെ ഒരറ്റം പിടിച്ച് വായ പൊത്തിപ്പിടിക്കാറുണ്ടായിരുന്നു. ചിലപ്പോൾ കൈ മാത്രം വെച്ചിരിക്കും. മൗനിയായിരുന്നു. അസഭ്യം കേട്ടുകൊണ്ടിരുന്നു. അയാൾ അസഭ്യം പുലമ്പിക്കൊണ്ടിരുന്നു. എന്നാൽ ആ മഹാത്മാവ് വളരെ സ്വസ്ഥമായി ഇരിക്കുകയായിരുന്നു. ഒന്നുമേ സംഭവിക്കാത്തതു പോലെ. അതല്ലെങ്കിൽ ആരോ വന്ന് നല്ല സംഭാഷണം നടത്തുന്നത് കേട്ടുകൊണ്ടിരിക്കുന്നതാണെന്ന് തോന്നിപ്പോകും. ആ ഹിന്ദു നേതാവ് അയാളെ തടയാൻ നോക്കി. എന്നാൽ അയാൾ ഇതിനെയൊന്നും ഗൗനിച്ചതു പോലുമില്ല. ഹദ്റത്ത് സാഹിബ് ഹിന്ദു ലീഡറോട് പറഞ്ഞു. ''നിങ്ങൾ അയാളെ തടയണ്ട. അയാൾ പറഞ്ഞോട്ടെ.''അവസാനം അസഭ്യം പറഞ്ഞ് ക്ഷീണിച്ച് അയാൾ നിർത്തി. എന്നിട്ട് അവിടെ നിന്ന് എഴുന്നേറ്റ്പോയി. ആ ഹിന്ദു ലീഡർ ഇത് കണ്ട് അത്ഭുതപ്പെട്ടുകൊണ്ട് പറഞ്ഞു. ''ഇത് താങ്കളുടെ മഹത്തായ ഉത്കൃഷ്ട സ്വഭാവമാണ്.'' ഹുസൂറിന് വേണമായിരുന്നെങ്കിൽ അയാളെ അവിടെവെച്ച് മിണ്ടാതാക്കാമായിരുന്നു. തന്റെ സ്ഥലത്ത് നിന്ന് പുറത്താക്കുകയും ചെയ്യാമായിരുന്നു. അയാൾ വന്നുകയറിയത് ഹദ്റത്ത് മസീഹ് മൗഊദ് ؑ ന്റെ സ്ഥലത്തായിരുന്നു. അയാളുടെ ഈ അസഭ്യം പറയൽ നിർത്തിക്കാൻ ഒരൊറ്റ ആഗ്യം മാത്രം കാട്ടിയിരുന്നെങ്കിൽ അയാളുടെ നാവ് പിഴുതെടുക്കുമായിരുന്നേനെ. എന്നാൽ തന്റെ സഹനത്തിന്റെയും ആത്മ നിയന്ത്രണത്തിന്റെയും മകുടോദാഹരണമാണ് ആ മഹാത്മാവ് പ്രകടിപ്പിച്ചത്.

ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി ؓ എഴുതുന്നു. ജലന്തറിൽ മീർ അബ്ബാസലി സാഹിബ്, മസീഹ് മൗഊദ് ؑ ന്റെ അടുത്തിരുന്ന് ആക്ഷേപങ്ങൾ ഉന്നയിക്കുകയായിരുന്നു. മഖ്ദൂമുൽ മില്ലത്ത് ഹദ്റത്ത് അബ്ദുൽ കരീം സാഹിബും ؓ ആ സദസ്സിൽ ഉണ്ടായിരുന്നു. അദ്ദേഹമാണ് ഈ സംഭവം എന്നെ കേൾപ്പിച്ചത്. മൗലാനാ സാഹിബ് പറയുന്നു. മിർ അബ്ബാസ് അലി സാഹിബ് ഒരോ ആക്ഷേപം ഉന്നയിക്കും. ഹദ്റത്ത് മസീഹ് മൗഊദ് ؑ വാത്സല്യത്തോടും കാരുണ്യത്തോടും സൗമ്യതയോടുംകൂടി അതിന് മറുപടി നൽകുമായിരുന്നു. ഹദ്റത്ത് സാഹിബ് തന്റെ സംസാരത്തിൽ സൗമത്യയും സ്നേഹവും വർദ്ധിപ്പിക്കുന്നതനുസരിച്ച് മിർ സാഹിബിന്റെ സംസാരം ശക്തിപ്രാപിച്ചുവരികയാണ് ചെയ്തത്. എത്രമാത്രമെന്നാൽ പ്രകടമായി നീചവും നികൃഷ്ടവുമായ രീതിയിൽ അയാൾ പെരുമാറാൻ തുടങ്ങി. മുമ്പുണ്ടായിരുന്ന എല്ലാ ബന്ധങ്ങളെയും മറന്നുകൊണ്ട് മാന്യത ഇല്ലാതെ പോരിനു മുതിർന്നു. ഇതെല്ലാമായിട്ടും ഹദ്റത്ത് മസീഹ് മൗഊദ് ؑ അയാളോട് പറയുന്നത് ഞാൻ കേട്ടു. ജനാബ് മീർ സാഹിബ്, താങ്കൾ എന്റെ കൂടെ വന്നാലും. എന്റെ കൂടെ താമസിച്ചാലും, അല്ലാഹു നിങ്ങൾക്കായി വല്ല അടയാളവും വെളിപ്പെടുത്തുന്നതാണ് അല്ലാഹു നിങ്ങൾക്ക് വഴി കാട്ടുന്നതാണ്. എന്നാൽ മീർ സാഹിബിൻ ദേഷ്യം വർദ്ധിക്കുകയാണ് ചെയ്തത്.'' മൗലവി സാഹിബ് വിവരിക്കുന്നു.''എനിക്ക് ഹദ്റത്ത് സാഹിബിന്റെ സൗമശീലവും ആത്മനിയന്ത്രണവുംകണ്ട് മീർ സാഹിബിന്റെ ഈ തെമ്മാടിത്ത്വം സഹിക്കാൻ കഴിഞ്ഞില്ല.'' മൗലവി അബ്ദുൽ കരീം സാഹിബിന് ഇത് സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പറയുന്നു.''കുറേ നേരമായി അസ്വസ്ഥനായിരുന്ന ഞാൻ ഇതിന് പ്രതികരിക്കാത്തത് തെറ്റായി മനസ്സിലാക്കി. എന്റെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദിനെ ഇവ്വിധം ആക്ഷേപിച്ചിട്ടും ഞാൻ മിണ്ടാതിരിക്കുകയോ? എനിക്ക് ക്ഷമിക്കാൻ കഴിഞ്ഞില്ല. എന്റെ വൈകല്യം വകവെക്കാതെ അയാളുടെ മേൽ ചാടിവീണു. എന്നിട്ട് ചൂടായിക്കൊണ്ട് അയാളെ രണ്ട് പറയുകയുണ്ടായി. ഇത് കണ്ടപ്പോൾ അയാൾ പേടിച്ച് അവിടെനിന്ന് എഴുന്നേറ്റോടി.'' മൗലവി സാഹിബ് പറയാറുണ്ടായിരുന്നു. ''ഹദ്റത്ത് മസീഹ് മൗഊദ് ؑ കാണിച്ച സഹനത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ആ രംഗം ഞാൻ ആദരവോടെ ഓർക്കുകയും അതോടൊപ്പം ഞാൻ ചെയ്ത പ്രവർത്തനം ഓർത്ത് നാണിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ അഭിമാനത്തെ കാത്തുസൂക്ഷിച്ചു എന്നതിൽ സന്തോഷിക്കുകയും ചെയ്തിരുന്നു. എന്റെ മുമ്പിൽ ഹദ്റത്ത് സാഹിബിനെക്കുറിച്ച് വളരെ നീചമായ കാര്യങ്ങൾ പറഞ്ഞിട്ടും ഞാൻ പ്രതികരിക്കാതിരുന്ന് കുറ്റക്കാരനായിട്ടില്ലല്ലോ. പിന്നീട് ഈ സംഭവത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ എനിക്ക് ഒരു കാര്യം മനസ്സിലായി. ഞാൻ ഹദ്റത്ത് മസീഹ് മൗഊദിന്റെ മുമ്പിലായിരുന്നു ഇരുന്നത്. അപ്പോൾ അദ്ദേഹത്തോടുള്ള ആദരവിന്നാണ് ഞാൻ മുൻഗണന നൽകേണ്ടിയിരുന്നത്. ഞാൻ മിണ്ടാതിരിക്കുകയാണ് വേണ്ടിയിരുന്നത്.''

ഇങ്ങിനെയുള്ള പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് ؑ മുമ്പിൽ വെച്ച് ആരോ എതിരാളിയെ നേരിട്ടപ്പോൾ ആ മഹ്ത്മാവ് അതിൽ നീരസം പ്രകടിപ്പിക്കുകയും അത് വെറുക്കുകയും ചെയ്തിരുന്നു. അന്യരോട് ഈ രീതിയിൽ പെരുമാറാൻ പാടില്ല.

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് ؓ വിവരിക്കുന്നു. ഒരു ദിവസം തന്റെ അറിവിൽ അഹങ്കരിച്ചിരുന്ന ഒരു ഹിന്ദുസ്ഥാനി വ്യക്തി, താനാണ് കാലത്തിന്റെ സൽവൃത്തൻ എന്ന് പ്രകടിപ്പിച്ചിരുന്ന വ്യക്തി, ഞാൻ ലോകം ചുറ്റിക്കറങ്ങി എല്ലാം അറിയുന്നവനാണെന്ന നാട്യം ആയാൾക്കുണ്ടായിരുന്നു. അയാൾ നമ്മുടെ പള്ളിയിൽ വന്നു. ഹദ്റത്ത് സാഹിബിന്റെ വാദത്തെക്കുറിച്ച് വളരെ മോശമായ രീതിയിൽ സംസാരിക്കാൻ തുടങ്ങി. അൽപം സംസാരിച്ചതിനുശേഷം അയാൾ പറഞ്ഞു. ''താങ്കൾ താങ്കളുടെ വാദത്തിൽ കള്ളനാണ്.'' മുഖത്തുനോക്കിയാണിത് പറയുന്നത് താങ്കൾ താങ്കളുടെ വാദത്തിൽ കള്ളനാണെന്ന്. ''ഞാൻ അങ്ങിനെയുള്ള പല തട്ടിപ്പുകാരേയും കണ്ടിട്ടുണ്ട്.'' നഊദുബില്ലാഹ്. ''അങ്ങിനെയുള്ള പലരേയും ഞാൻ എന്റെ കക്ഷത്ത് വെച്ചിട്ടാണ് നടക്കുന്നത്.'' ഇങ്ങിനെയുള്ള നീചമായ വാക്കുകൾ അയാൾ പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ ആ മഹാത്മാവിന്റെ നെറ്റിയിൽ വെറുപ്പിന്റെ പ്രകടനം പോലും ദൃശ്യമായില്ല. വളരെ ശാന്തനായിരുന്ന് കേട്ടു. അതിനുശേഷം വളരെ സംയമനത്തോടെ തന്റെ സംസാരം തുടങ്ങി.

സംസാരം എത്ര മ്ലേച്ഛമാണെങ്കിലും അനവസരത്താണെങ്കിലും പദ്യത്തിലോ ഗദ്യത്തിലോ എത്ര നീചമായി ആരെങ്കിലും എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിലും അത് കേൾക്കുമ്പോഴോ ഒറ്റക്കോ ആ മഹാത്മാവ് അതിനെക്കുറിച്ച് വെറുപ്പ് പ്രകടിപ്പിക്കുകയോ ആക്ഷേപിക്കുകയോ ചെയ്തിട്ടില്ല. ചിലപ്പോൾ ചില ശ്രോതാക്കളുടെ മനസ്സ് വേദനിക്കുന്നു. നിന്ദ്യമായ

ഇവ്വിധ സംസാരം കേട്ട് സഹിക്കവയ്യാതെ എഴുന്നേറ്റ് പരസ്പരം കുത്തുവാക്കുകൾ പറഞ്ഞുപോകുമായിരുന്നു. സദസ്സ് പിരിഞ്ഞതിനുശേഷം ഓരോരുത്തരും തങ്ങളുടെ ഉള്ളിലുള്ള വികാരം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. പരസ്പരം സംസാരിച്ചുകൊണ്ട് ഉള്ളിലുള്ള കോപം അവർ പ്രകടിപ്പിച്ചിരുന്നു. എന്നാൽ സൗമ്യനും അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നവനുമായ ഈ വ്യക്തിത്വം ഒരിക്കലും ഇവ്വിധമുള്ള ഒരു വെറുപ്പിന്റെയും സൂചനപോലും പ്രകടമാക്കിയില്ല. മസീഹ് മൗഊദ് عليه السلام ആർ എന്ത് പറഞ്ഞു എന്നതിനെക്കുറിച്ച് സൂചനാരൂപത്തിൽ പോലും സംസാരിച്ചില്ല.

ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി رضي الله عنه വിവരിക്കുന്നു. 1904 ജനുവരി 29 ലെ സംഭവമാണിത്. അസഭ്യം എഴുതി നിറക്കുന്ന ഒരു പത്രത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദിന്റെ മുമ്പിൽ ആരോ സംസാരിച്ചു. ''ഇന്ന പത്രം അതിൽ വല്ലാതെ അസഭ്യം വരാറുണ്ട്.'' ആ മഹാത്മാവ് പറഞ്ഞു. ''ക്ഷമിക്കുക. ഈ അസഭ്യംകൊണ്ട് നമുക്കെന്ത് നഷ്ടം. തിരുനബി ﷺ യുടെ കാലത്ത് തിരുനബിയെ ഈ രീതിയിലാണ് ജനങ്ങൾ പരിഹസിച്ചുകൊണ്ടിരുന്നത്. മുസമ്മം എന്നാണ് തിരുനബിയെക്കുറിച്ച് ജനങ്ങൾ പറഞ്ഞിരുന്നത്. ഇത്കണ്ട് പുഞ്ചിരിച്ചുക്കൊണ്ട് ഇപ്രകാരമാണ് നബി ﷺ പ്രതികരിച്ചത്. ഇവരുടെ പരിഹാസത്തിനെന്തു ചെയ്യാൻ. എന്റെ പേര് അല്ലാഹു മഹമ്മദ് എന്നാണ് വെച്ചിരിക്കുന്നത് .
എന്നിട്ട് പറഞ്ഞു. അല്ലാഹുവാണ് എന്നെ അയച്ചത്.എന്നെക്കുറിച്ച് അല്ലാഹു പറയുന്നു. **യഹ്മദുകല്ലാഹു മിൻ അർശിഹി** അല്ലാഹു തന്റെ സിംഹാസനത്തിലിരുന്ന് നിന്നെ പുകഴ്ത്തുന്നു. ഈ വഹ്‌യ് ബറാഹീനെ അഹ്മദിയ്യായിൽ ഉണ്ട്.''

ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി رضي الله عنه എഴുതുന്നു. മസീഹ് മൗഊദിന്റെ മുഖത്ത് നോക്കി ചീത്ത പറയലും അസഭ്യം പുലമ്പലും മാത്രമായിരുന്നില്ല, വെറും അങ്ങായി സംസ്ക്കാരം മാത്രമായിരുന്നില്ല അദ്ദേഹത്തോട് ശത്രുക്കൾ പ്രകടിപ്പിച്ചിരുന്നത്, അദ്ദേഹത്തെ വധിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയോ അതിന് ശ്രമിക്കുകയോമാത്രമല്ല ചെയ്തത്. പത്രങ്ങളിലും കത്തുകളിലും അസഭ്യങ്ങൾ കോരിച്ചൊരിഞ്ഞിരുന്നു. ഇങ്ങിനെയുള്ള കത്തുകൾ സ്റ്റാമ്പ് ഒട്ടിക്കാതെയാണ് അയക്കാറുള്ളത്. സ്റ്റാമ്പ് ഇല്ലാത്ത കത്താണെങ്കിൽ അതിന് ഡ്യൂ അടിക്കും. കത്ത് കൈപറ്റുന്ന ആൾ അതിന്റെ പിഴ അടക്കേണ്ടതാണ്. പണംകൊടുത്ത് അങ്ങിനെയുള്ള കത്തുകൾ കൈപറ്റേണ്ടിവരും. മസീഹ് മൗഊദ് عليه السلام അങ്ങിനെയുള്ള കത്തുകൾ സ്വയം പണംകൊടുത്താണ് വാങ്ങിയിരുന്നത്. അത് തുറന്ന് നോക്കിയാൽ അതിൽ തുടക്കം മുതൽ അവസാനം വരെ അശ്ലീലവും നിർലജ്ജവുമായ തെറിവാക്കുകളല്ലാതെ മറ്റൊന്നും തന്നെയുണ്ടാകില്ല. ഇതെല്ലാം വായിച്ച് ഈ തെമ്മാടികൾക്കും ദുഷ്പ്രകൃതക്കാർക്കും വേണ്ടി പ്രാർത്ഥിക്കും. എന്നിട്ട് ആ കത്തുകൾ ഒരു സഞ്ചിയിൽ ഇട്ടുവെക്കും. മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി അക്കാലത്ത് എതിർപ്പിൽ അതിശക്തമായിക്കൊണ്ടിരിക്കുകയായിരുന്നു. താൻ പറയുന്ന അസഭ്യത്തിൽ തൃപ്തനാകാതെ സഅ്ദുല്ലാ ലുധിയാനവി, ജാഫൽ സട്ടല്ലി മറ്റ് തെമ്മാടികളായ ആളുകളെ തന്റെ സഹായികളാക്കി വെച്ചിരുന്നു. അവർ ഏതെല്ലാം രീതിയിൽ അപമാനിക്കാൻ കഴിയുമോ അത് സ്വീകരിച്ചിരുന്നു. എന്നാൽ അല്ലാഹുവിന്റെ വരിഷ്ഠദാസന് അല്ലാഹുവിന്റെ മധുരമനോഹരമായ **ഇന്നീ മുഹീനും മൻ അറാദ ഇഹാനത്തക** എന്ന വചനം സ്വാന്തനം നൽകിക്കൊണ്ടിരുന്നു. അദ്ദേഹം പൂർണ്ണ ക്ഷമയോടെ ഈ നീചമായ ചീത്തവിളികൾ കേട്ട് ശാന്തമായി കടന്നുപോകുമായിരുന്നു. ഒരിക്കൽ 1898-ൽ മുഹമ്മദ് ഹുസൈൻ ബട്ടാലവി അസഭ്യവചനങ്ങൾ നിറഞ്ഞുകവിഞ്ഞ തന്റെ ഒരു മാഗസിൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് അയച്ചുകൊടുത്തു. 1898 ജൂലൈ 27 ലെ അൽഹഖമിൽ ഈ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30 വർഷത്തിന് ശേഷം ഹദ്റത്ത് മസീഹ് മൗഊദിന്റെ ആത്മനിയന്ത്രണം, ധൈര്യം, ക്ഷമ, ദൈവത്തിനായുള്ള ശ്രദ്ധ എന്നീ ഗുണങ്ങൾ ഓർത്തുകൊണ്ട് ഇത് വായിക്കുമ്പോൾ എന്റെ കണ്ണിൽ നിന്നും അനിയന്ത്രിതമായി കണ്ണുനീർ ഒഴുകുന്നു. എന്നിട്ട് ഒരു കവിത എഴുതുന്നു.

*ഹൃദയത്തിൽ ഒരു വേദന തളംകെട്ടി.*

*കണ്ണുകൾ ഈറനണിഞ്ഞു.*

*ഇവിടെ ഇരുന്ന് എന്താണാവോ നാം ഓർത്തുപോയത്.*

പഴയ സംഭവങ്ങൾ ഓർത്ത് ഇപ്പോഴും എനിക്ക് കരച്ചിൽ വരികയാണ്.

1889 ജൂലൈ 25 നുണ്ടായ സംഭവമാണ്. അവാൻ സമൂഹത്തിലെ ഹുമ്മുദ് സ്വദേശിയായ സിയാൽകോട്ട് ജില്ലയിലുള്ള മുഹമ്മദ് ചുഗത്ത എന്നൊരാൾ മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ഒരു മാഗസിൻ ഹദ്റത്ത് മസീഹ് മൗഊദിന് കൊണ്ട്കൊടുത്തു. അതിൽ ഒരു വചനമെഴുതി ആ മാഗസിൻ മുഹമ്മദ് ഹുസൈൻ ബട്ടാലവിക്ക് അദ്ദേഹം തിരിച്ചയച്ചു. അതിനുള്ള മറുപടിയായിരുന്നു അത്. ആ മറുപടി മൗലാനാ അബ്ദുൽ കരീം സാഹിബ് അവിടെ കൂടിയിരുന്നവർക്ക് വായിച്ചുകേൾപ്പിച്ചു. എല്ലാവരും ആമീൻ എന്ന് പറയുകയും ചെയ്തു. മസീഹ് മൗഊദ് عليه السلام ന്റെ മറുപടി ഇതായിരുന്നു. **റബ്ബി ഇൻ കാന ഹാദർറജ്‌ലു സ്വാദിഖൻ ഫീ കൗലിഹി ഫ അക്‌രിംഹു വഇന് കാന കുദിബൻ ഫഖുദ്ഹു**; എന്റെ നാഥാ! ഈ വ്യക്തി തന്റെ പുസ്തകത്തിൽ എഴുതിയതുപോലെ സത്യവാനാണെങ്കിൽ നീ അയാളെ ആദരണീയനും മാന്യനുമാക്കേണമേ. ഇനി കള്ളനാണെങ്കിൽ നീതന്നെ അവനെ പിടികൂടേണമേ. ഈ കള്ള പ്രചാരത്തിന് അവനെ നീ പിടികൂടിയാലും. ഇതിൽ കൂടുതൽ ഒന്നും എഴുതിയില്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് رضي الله عنه പറയുന്നു. എന്നോട് ചൗധരി ഹക്കീം അലി സാഹിബ് പറഞ്ഞു. മസീഹ് മൗഊദ് عليه السلام വലിയ പള്ളിയിൽ പ്രസംഗിക്കുകയോ ഖുത്ബ നൽകുകയോ ചെയ്യുകയായിരുന്നു. ഒരു സിക്കുകാരൻ പള്ളിയിൽ അതിക്രമിച്ചു വന്നു. മുമ്പിൽ വന്ന് നിന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നേയും ജമാഅത്തിനേയും കണക്കറ്റ് ആക്ഷേപിച്ചുകൊണ്ടിരുന്നു. ചീത്തപറയാൻ തുടങ്ങി. ഇത് പറഞ്ഞുകൊണ്ടേ ഇരിക്കുകയാണ്. നിർത്തുന്ന പരിപാടി തന്നെയില്ലായിരുന്നു. എന്നാൽ മസീഹ് മൗഊദ് عليه السلام ഇതെല്ലാം ശാന്തനായി കേട്ടുകൊണ്ടിരുന്നു. ശ്രോതാക്കൾക്ക് ഇത് സഹിക്കുകയുണ്ടായിരുന്നില്ല. മസീഹ് മൗഊദ് عليه السلام അനുവാദം നൽകിയിരുന്നെങ്കിൽ അയാളെ അവിടെ വെച്ച്തന്നെ കഷണം കഷണമാക്കാനുള്ള ആവേശമാണ് പലരിലും ഉണ്ടായിരുന്നത്. എന്നാൽ ആ മഹാത്മാവിനെ ഭയന്നുകൊണ്ട് എല്ലാവരും മിണ്ടാതിരുന്നു. എന്നാൽ ആക്ഷേപിക്കുന്നയാൾ അതിർവരമ്പുകളെല്ലാം ലംഘിച്ചപ്പോൾ ഹദ്റത്ത് സാഹിബ് രണ്ടുപേരോട് പറഞ്ഞു. അയാളെ മൃതുവായി പിടിച്ച് പള്ളിക്ക് പുറത്ത് കൊണ്ടുപോകുക. അയാളെ ഒന്നും പറയരുത്. ഇനി അയാൾ പോകുന്നുല്ലെങ്കിൽ ഹക്കീം അലി എന്ന പോലീസുകാരനെ ഏൽപിക്കുക.

ഹദ്റത്ത് ബശീർ അഹ്മദ് സാഹിബ് رضي الله عنه വിവരിക്കുന്നു. ഹാഫിസ് റോഷനലി സാഹിബ് എന്നോട് പറഞ്ഞു. മിനാരത്തുൽ മസീഹിന്റെ പണി തുടങ്ങിയപ്പോൾ ഖാദിയാനിലുള്ളവർ ഗവർമെന്റിന്റെ പക്കൽ പരാതിയുമായി എത്തി. ഈ മിനാരം നിർമ്മിച്ചുകഴിഞ്ഞാൽ ഞങ്ങളുടെ വീടിന്റെ രഹസ്യസ്വഭവം നഷ്ടപ്പെടും. പരാതി ലഭിച്ചപ്പോൾ ഒരു ഡെപ്യൂട്ടി അന്വേഷണത്തിനായി ഗവർമെന്റിന്റെ ഭാഗത്തുനിന്നും ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ മസ്ജിദുൽ മുബാറക്കിന്റെ അടുത്തുള്ള മുറിയിൽ വെച്ച് കാണുകയുണ്ടായി. പരാതി നൽകിയ ഖാദിയാൻ നിവാസികളിൽ ചിലർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഹദ്റത്ത് സാഹിബും ഡെപ്യൂട്ടിയും സംസാരിച്ചുകൊണ്ടിരുന്നു. സംസാരമധ്യേ ഹദ്റത്ത് സാഹിബ് ഡെപ്യൂട്ടിയോട് പറഞ്ഞു. ''ബുഡാമാൽ ഇതാ ഇവിടെ ഇരിക്കുന്നു. ഇദ്ദേഹത്തോട് ഒന്നു ചോദിക്കു. കുട്ടിക്കാലം മുതൽ ഇതുവരെ അദ്ദേഹത്തിന് വല്ല ഉപകാരവും ചെയ്യാൻ എനിക്ക് അവസരം

ലഭിച്ചപ്പോൾ ഞാൻ അദ്ദേഹത്തെ സഹായിക്കുന്നതിന് വല്ല കുറവും വരുത്തിയിട്ടുണ്ടോ? എനിക്ക് കിട്ടിയ അവസരത്തിലെല്ലാം ആ ഹിന്ദുവിന് ഞാൻ ഉപകാരം ചെയ്തിട്ടുണ്ട്. അദ്ദേഹത്തോട് തന്നെ ചോദിക്കൂ. എന്നെ ഉപദ്രവിക്കാൻ അദ്ദേഹത്തിന് വല്ല അവസരവും കിട്ടിയപ്പോൾ എന്നെ ഉപദ്രവിക്കുന്ന കാര്യത്തിൽ വല്ല കുറവും അയാൾ വരുത്തിയിട്ടുണ്ടോ?'' ഇവർ മസീഹ് മൗഊദിനെ ഉപദ്രവിക്കാൻ അവസരം കിട്ടിയപ്പോഴെല്ലാം ഉപദ്രവിച്ചു. മസീഹ് മൗഊദ് അവർക്ക് കഴിയുന്നത്ര ഉപകാരം നൽകിക്കൊണ്ടിരുന്നു.

ഹാഫിസ് സാഹിബ് വിവരിക്കുന്നു. ഞാൻ അപ്പോൾ ബുഡാമാലിന്റെ മുഖത്തേക്ക് നോക്കിക്കൊണ്ടിരുന്നു. അദ്ദേഹം നാണംകൊണ്ട് തന്റെ തല താഴ്ത്തി ഇരിക്കുകയായിരുന്നു. അയാളുടെ മുഖം വിളറിയിരുന്നു. ഒരക്ഷരവും മിണ്ടിയില്ല. അൽപമെങ്കിലും മാന്യത ആരിലെങ്കിലുമുണ്ടെങ്കിൽ സത്യത്തിനെതിരെ മുഖത്തോട് മുഖം നോക്കി അക്രമിയായ ശത്രുവിന് പോലും മിണ്ടാൻ കഴിയില്ല. എന്നാൽ ഇന്നത്തെ ശത്രുക്കളുടെ സ്വഭാവം തകർന്നടിഞ്ഞിരിക്കുന്നു. മാന്യതയുടെ ലാഞ്ചനപോലും അവരിലില്ല.

ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി رضي الله عنه വിവരിക്കുന്നു. 1903 ഫെബ്രുവരി 13 ന് ഒരു ഡോക്ടർ ലഖ്നൗവിൽനിന്നു വന്നു. അയാൾ പറഞ്ഞതനുസരിച്ച് അയാൾ ബഗ്ദാൻ കാരനാണ്. ഒരു ദീർഘകാലമായി ലഖ്നൗവിലാണ് താമസിക്കുന്നത്. അയാൾ പറഞ്ഞത്, ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വാദം പരിശോദിക്കാൻ ചിലർ അദ്ദേഹത്തെ അയച്ചതെന്നാണ്. അദ്ദേഹം മസീഹ് മൗഊദ് عليه السلام നോട് ചില ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി. അയാളുടെ സംസാരത്തിൽ അഹങ്കാരവും പൊങ്ങച്ചവും ഹുങ്കും പ്രകടമായിരുന്നു. ഹ: മസീഹ് മൗഊദ് عليه السلام അതൊന്നും ശ്രദ്ധിച്ചില്ല. അയാളുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടിരുന്നു. സംസാരമധ്യേ അയാൾ ചോദിച്ചു. ''അറബിയിൽ എന്നെക്കാളുംകൂടുതൽ സാഹിത്യ സമ്പുഷ്ഠതയുള്ള വചനം മറ്റൊരാൾക്കും രചിക്കാൻ കഴിയില്ല എന്നാണോ താങ്കളുടെ വാദം.'' മസീഹ് മൗഊദ് عليه السلام പറഞ്ഞു. ''ശരിയാണ്. എന്റെ വാദമാണിത്. അല്ലാഹു എനിക്ക് അറബി ഭാഷ പഠിപ്പിച്ചുതന്നിട്ടുണ്ട്. മറ്റാർക്കും എന്നെപ്പോലെ പറയാനോ എഴുതാനോ കഴിയില്ല.'' അതുകേട്ടപ്പോൾ പരിഹാസ സ്വരത്തിൽ അയാൾ പറഞ്ഞു. ''ക്ഷമിക്കണം. ഖാഫ് എന്ന അക്ഷരം പോലും ശരിക്കും ഉച്ചരിക്കാൻ താങ്കൾക്കറിയില്ലല്ലോ?'' ശൈഖ് സാഹിബ് പറയുന്നു. ''ഞാനും ആ സദസ്സിൽ ഉണ്ടായിരുന്നു. അയാളുടെ ഈ വിവരണരീതി മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. അത് ഞങ്ങളെ സംബന്ധിച്ച് അസഹ്യമായിരുന്നു. എന്നാൽ ഹദ്റത്തിന്റെ സഹനതകാരണം മിണ്ടാതിരുന്നു.'' മൗലാനാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദ് ആ സദസ്സിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന് തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഡോക്ടറുടെ അടുത്തേക്ക് ചാടിവീണുകൊണ്ട് പറഞ്ഞു; ''ഇത് ഹദ്റത്ത് സാഹിബിന്റെ ആത്മധൈര്യമാണ്.''സംസാരം അൽപം കൂടാൻ തുടങ്ങി. ഇരുവരും തമ്മിൽ ഉന്തും തള്ളും തുടങ്ങുമെന്നുള്ള അവസ്ഥ വരെ എത്തി. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ ആത്മ സമർപ്പിതനും അഭിമാനിയുമായ ശിഷ്യനെ തടഞ്ഞു. അപ്പോൾ ആഗതൻ പറഞ്ഞു. ''പരിഹാസവും ചീത്തപറച്ചിൽ കേൾക്കലും പ്രവാചക ചര്യയിൽ പെട്ടതാണ്.'' ഹദ്റത്ത് സാഹിബ് പറഞ്ഞു. ''നാം ദേഷ്യപ്പെടുന്നില്ലല്ലോ? ഇവിടെ വിനയം മാത്രമാണുള്ളത്. മൗലവി സാഹിബ് വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ വികാരപ്രകടനം മാത്രം. ഞാൻ അദ്ദേഹത്തെ തടയുകയും ചെയ്തിരിക്കുന്നു.''

ഖാഫ് എന്ന് പറയാൻ കഴിയില്ല എന്ന് പറഞ്ഞതിന് ഹദ്റത്ത് മസീഹ് മൗഊദ് പറഞ്ഞു. ലഖ്നൗകാരുടെ ശൈലി എന്റെതാവാൻ ഞാൻ ലഖ്നൗ നിവാസിയല്ല. ഞാൻ പഞ്ചാബിയാണ്. ഹദ്റത്ത് മൂസാ عليه السلام നെക്കുറിച്ചും ഈ ഒരാക്ഷേപം ഉണ്ടായിരുന്നു. **വലാ യകാതു യുബീൻ.**

ഹദീസിൽ മഹ്ദിയെക്കുറിച്ച് പറയുന്നത്, അദ്ദേഹത്തിന്റെ നാവിന് വിക്കുണ്ടായിരിക്കും എന്നാണ്. ഹദ്റത്ത് അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിൽ നിന്നും ഇങ്ങിനെ ഒരു സംഭവം ഉണ്ടായപ്പോൾ ഹദ്റത്ത് സാഹിബ് അവിടെയുള്ള ജമാഅത്തംഗങ്ങളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. ''എന്റെ നയമനുസരിച്ച് ഒരു അതിഥി വന്നാൽ അവർ ചീത്ത പറയുകയാണെങ്കിൽ തന്നെയും നാം സഹിക്കേണ്ടതാണ് എന്നാണ്. കാരണം അവർ ശിഷ്യഗണത്തിൽ ഉൾപ്പെട്ടവരല്ല. നമ്മുടെ ശിഷ്യന്മാരിൽ നിന്നും പ്രതീക്ഷിക്കുന്ന ആദരവും വിശ്വാസതയും അവരിൽ നിന്നും നമുക്കെങ്ങനെ പ്രതീക്ഷിക്കാൻ സാധിക്കും. സൗമ്യമായി അവർ സംസാരിക്കുന്നത് തന്നെ അവരുടെ ഔദാര്യമായിട്ടാണ് ഞാൻ കാണുന്നത്. തിരുനബി صلى الله عليه وسلم അരുളിയിട്ടുണ്ട്; സന്ദർശകർക്കും അവകാശമുണ്ട്. അതിഥികൾക്ക് അൽപമെങ്കിലും പ്രയാസം നേരിട്ടാൽ അത് തെറ്റായാണ് ഞാൻ കാണുന്നത്. അത്കൊണ്ട് താങ്കൾ അൽപംകൂടി താമസിച്ചാലും. കലിമ നമ്മുടേത് ഒന്നാണല്ലോ. അവർക്ക് കാര്യങ്ങൾ മനസ്സിലാകുന്നത്വരെ അവർക്കെന്തും പറയാം. അതിനുള്ള അവകാശം അവർക്കുണ്ട്.''

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് رضي الله عنه വിവരിക്കുന്നു. മീർ ശഫീഅ് അഹ്മദ് സാഹിബ് കത്ത് മുഖേന എന്നെ അറിയിച്ചു. അവസാനദിവസം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ലാഹോറിൽ താമസിച്ചപ്പോൾ അന്ന് ഞാൻ ഖാജാസാഹിബിന്റെ ജോലിക്കാരനായിരുന്നു. ഹദ്റത്ത് സാഹിബിനുള്ള കത്ത് വാങ്ങി എത്തിച്ചിരുന്നു. കത്തുകളിൽ രണ്ട്മൂന്ന് കത്തുകൾ സ്റ്റാമ്പ് ഒട്ടിക്കാത്തതായിരിക്കും. സ്റ്റാമ്പില്ലാത്ത് കത്തുകളിൽ പൊതുവിൽ അസഭ്യങ്ങളായിരിക്കും. സ്വന്തം കയ്യിൽ നിന്നും പണം നൽകി ആ കത്തുകൾ കൈപറ്റേണ്ടിയിരുന്നു. തപാൽ ഓഫീസിൽ നിന്നും ഞാനത് വാങ്ങി മസീഹ് മൗഊദിന് കൊടുക്കും. അതിന്റെ പണം മസീഹ് മൗഊദ് عليه السلام തരും. ഒരിക്കൽ ഖാജാ സാഹിബിന്റെ മുമ്പിൽ വെച്ച് ഒരു സ്റ്റാമ്പില്ലാത്ത കത്ത് പണംകൊടുത്ത് ഞാൻ കൈപറ്റി. ഖാജാസാഹിബ് അങ്ങിനെയുള്ള കത്ത് വാങ്ങുന്നതിൽ നിന്നും എന്നെ തടഞ്ഞു. ഞാൻ പറഞ്ഞു. ''ഞാൻ നിത്യവും ഇത് വാങ്ങാറുണ്ട്. ഹദ്റത്ത് സാഹിബിന് അത് എത്തിക്കാറുണ്ട്. ഹദ്റത്ത് ഇതുവരെ എന്നെ തടഞ്ഞിട്ടില്ല.'' ഇപ്രാവശ്യം ഖാജാസാഹിബ് തന്റെ ശക്തമായ ഭാഷയിൽ തടഞ്ഞു. വാങ്ങാൻ അനുവദിച്ചില്ല. മറ്റു കത്തുകളുമായി മസീഹ് മൗഊദിന്റെ അടുത്ത് ഞാൻ പോയപ്പോൾ ഞാൻ പറഞ്ഞു.''ഖാജാ സാഹിബ് സ്റ്റാമ്പില്ലാത്ത കത്തുകൾ വാങ്ങുന്നതിൽ നിന്നും ഇന്ന് കർശനമായി വിലക്കിയിരിക്കുന്നു. ഹുസൂർ ഞാൻ ഓടിപ്പോയി വാങ്ങിക്കൊണ്ട് വരട്ടെ.'' ഹദ്റത്ത് സാഹിബ് ഇത്കേട്ട് ചിരിച്ചുകൊണ്ട് പറഞ്ഞു.''ഈ കത്തുകളിൽ അസഭ്യങ്ങളല്ലാതെ മറ്റൊന്നും ഉണ്ടാകില്ല. ഇതിൽ അയച്ച ആളുടെ പേരും ഉണ്ടാകില്ല. അയക്കുന്ന ആളുകൾ അവരുടെ അഡ്രസ്സ് എഴുതിയിരുന്നെങ്കിൽ അവർക്ക് കാര്യങ്ങൾ പറഞ്ഞ്കൊടുക്കുമായിരുന്നു. ഇവർക്കെതിരിൽ കോടതിയിൽ കേസ്സ് കൊടുക്കാം എന്നാണവർ ഭയപ്പെടുന്നത്. നമ്മുടെ ജോലി കേസ്സുമായി നടക്കുക എന്നല്ല.'' (അദ്ദേഹം പറയുന്നു ''അതിനുശേഷം സ്റ്റാമ്പ് ഒട്ടിക്കാത്ത കത്ത് വാങ്ങുന്നത് ഞാൻ നിർത്തി'')

ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് رضي الله عنه എഴുതുന്നു. റസൂൽ ബീബീ സാഹിബ (ഹാമിദലി സാഹിബിന്റെ ഭാര്യ) മൗലവി അബ്ദുർറഹ്മാൻ സാഹിബ് മുഖേന എന്നോട് പറഞ്ഞു. ''ചില സന്ദർഭങ്ങളിൽ മിർസാ നിസാമുദ്ദീൻ ഹദ്റത്ത് മസീഹ് മൗഊദിനെ ചീത്ത വിളിക്കാനായി ചില തെമ്മാടികളെ നിയമിച്ചിരുന്നു. ആ വ്യക്തികൾ രാത്രിമുഴുവൻ ചീത്ത വിളിച്ചുകൊണ്ടിരിക്കും. എന്നാൽ പുലർച്ചയാകുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വീട്ടുകാരോട് പറയും. അവർക്ക് കഴിക്കാൻ വല്ലതും നൽകിയാലും. രാത്രി മുഴുവനും ചീത്ത വിളിച്ച് ക്ഷീണിച്ചുപോയിരിക്കും. അയാളുടെ തൊണ്ട വരണ്ടിട്ടുണ്ടാകും. വീട്ടുകാർ പറയും അങ്ങിനെയുള്ളവർക്ക് ഒന്നും നൽകാൻ പാടില്ല. ഇത്കേട്ട് ഹുസൂർ

പറയും. നാം വല്ല തെറ്റും ചെയ്താൽ അല്ലാഹു കാണുന്നുണ്ട്. നമ്മിൽ നിന്ന് ഒരു കുറവും വരാൻ പാടില്ല.''

മൗലവി അബ്ദുൽ കരീം സാഹിബ് വിവരിക്കുന്നു. സദസ്സിൽ ശത്രുവിനെക്കുറിച്ചും ഒന്നും പരാമർശിക്കാറില്ല. ഇനി ആരെയെങ്കിലും കുറിച്ച് പരാമർശിക്കേണ്ടി വന്നാൽ തന്നെ അവരെ മോശമായി പറയുകയുമില്ല. ഇത് തെളിയിക്കുന്നത് അദ്ദേഹത്തിന്റെ ഹൃദയത്തിൽ വിധ്വേഷാഗ്നി ഇല്ലാ എന്നാണ്. സമൂഹം അദ്ദേഹത്തെ ബുദ്ധിമുട്ടിപ്പിച്ചത് നോക്കുകയാണെങ്കിൽ, മൗലവിമാർ അദ്ദേഹത്തോടു പെരുമാറിയ പെരുമാറ്റം നോക്കുകയാണെങ്കിൽ ഭൗതിക വീക്ഷണമുള്ള വ്യക്തിയാണെങ്കിൽ രാപകൽ അവരെക്കുറിച്ച് പിറുപിറുത്ത്കൊണ്ടേ ഇരുന്നേനെ. തിരിച്ചും മറിച്ചും അവരെ തന്നെ പരാമർശവിധേയമാക്കിയേനെ. അങ്ങിനെ അസ്വസ്ഥമായേനെ. തന്റെ പ്രവർത്തനം തകിടം മറിഞ്ഞേനെ. ജഡല്ലിയെപ്പോലെ ചീത്ത പറയുന്ന അറബ്ലെ മുശ്രിഖീങ്ങൾക്ക്പോലും തിരുനബിയെ അവർക്കെതിരിൽ കൊണ്ടുവരുവാൻ സാധിച്ചില്ല. ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് പറയുന്നു. എഴുത്തിൽ അവരെക്കുറിച്ച് പരാമർശിക്കുന്നത് കണ്ടാൽ ഒരു പക്ഷെ വല്ലവരും ധരിച്ചേക്കാം രാപ്പകൽ ഇവരെക്കുറിച്ചുള്ള ചിന്ത മാത്രമായിരിക്കും ഉണ്ടാകുക എന്ന്. ഇങ്ങിനെയല്ല. ഒരു ജഡ്ജിയെപ്പോലെ അദ്ദേഹത്തിന് ചെയ്യാനുള്ള ജോലി ചെയ്തതിനുശേഷം ആർക്ക് എന്ത് ശിക്ഷ നൽകി ആര് ജയിച്ചു എന്നൊന്നും നോക്കാറില്ല. ഡ്യൂട്ടി ചെയ്യുന്നവർ അവർ എടുക്കേണ്ട തീരുമാനം എടുക്കുന്നു. അത് അവരുടെ ഡ്യൂട്ടിയിൽ പെട്ടതാണ്. പിന്നീട് അതുമായി ഒരു ബന്ധവുമില്ല. ഇതുതന്നെയാണ് അദ്ദേഹത്തിന്റെ അവസ്ഥ. ആവശ്യം വന്നപ്പോൾ ഗ്രന്ഥത്തിൽ എഴുതി. അത്രമാത്രം. ഇതുതന്നെ വിഷയമാക്കി എല്ലാ സദസ്സുകളിലും പറഞ്ഞുനടക്കുക എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നില്ല. ജഡ്ജിക്ക് വ്യക്തിപരമായി ആരോടും പ്രത്യേക താൽപര്യമില്ലാത്തതുപോലെ ഹദ്റത്ത് സാഹിബിനും വ്യക്തിപരമായ വിധ്വേഷം ആരോടുമില്ല. സത്യം വെളിപ്പെടുന്നതിനും അസത്യം തെളിയിക്കുന്നതിനും വേണ്ടി അല്ലാഹുവിന്റെ പ്രീതിക്കായാണ് എഴുതിയിരുന്നത്. അതല്ലാതെ മറ്റൊന്നും ആഗ്രഹിച്ചില്ല. വ്യക്തിപരമായ ഒരു വികാരവും ഇതിന് പിന്നിൽ ഇല്ലായിരുന്നു. ഒരിക്കൽ പറഞ്ഞു ''എന്റെ മനസ്സിനെ എനിക്ക് ശരിക്കും നിയന്ത്രിക്കാൻ കഴിയും, മാത്രമല്ല അല്ലാഹു എന്റെ മനസ്സിനെ യഥാർത്ഥ മുസ്ലിമാക്കിയിരിക്കുന്നു. ഒരു വ്യക്തി വർഷം മുഴുവനും എന്റെ മുമ്പിലിരുന്ന് ഏറ്റവും താണ തരത്തിലുള്ള അസഭ്യം പുലമ്പികൊണ്ടിരുന്നാലും അയാൾ ക്ഷീണിച്ചുപോകും എന്ന് മാത്രം. അവസാനം അയാൾക്ക് അംഗീകരിക്കേണ്ടിവരും. എന്നെ സ്ഥാനത്ത് നിന്ന് ഇളക്കാൻ അയാൾക്ക് സാധിക്കില്ല.''

ഹദ്റത്ത് മിയാൻ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു. നമ്മുടെ ജമാഅത്തിലെ ആദ്യകാല സഹോദരന്മാരിൽ അധികം പേരും ഹ: മസീഹ് മൗഊദ് عليه السلام ന്റെ പിതൃസഹോദരപുത്രന്മാരായ മിർസാ ഇമാമുദ്ദീൻ സാഹിബിനേയും മിർസാ നിസാമുദ്ദീൻ സാഹിബിനേയും അറിയുന്നവരാണ്. ഇവർ രണ്ട്പേരും മതനിഷേധികളും ഭൗതികരും ആയതുകാരണം മസീഹ് മൗഊദ് عليه السلام ന്റെ കൊടിയ ശത്രുക്കളായിരുന്നു. യഥാർത്ഥത്തിൽ ഇവർ ഇസ്ലാമിന്റെ തന്നെ ശത്രുക്കളായിരുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദിന് പ്രയാസപ്പെടുത്തുന്നതിനായി ഹുസൂറിന്റെ വീടിനു മുമ്പിൽ മസ്ജിദ് മുബാറക്കിന്റെ അടുത്ത് മതിൽ കെട്ടി വഴി തടസ്സപ്പെടുത്തിയിരുന്നു. പ്രസിദ്ധമായ സംഭവമാണ്. ഇതുകാരണം പള്ളിയിൽ വരുന്ന നമസ്ക്കാരക്കാർ വളരെയധികം പ്രയാസപ്പെട്ടു. മസീഹ് മൗഊദിനെ കാണാൻ വരുന്നവർക്കും പ്രയാസം നേരിട്ടു. വളരെ പ്രയാസത്തിലായിരുന്നു ജമാഅത്തംഗങ്ങൾ. തടവിലാക്കപ്പെട്ട ഒരവസ്ഥയിലായിരുന്നു. ഇതുകാരണം വക്കീൽമാരുടെ അഭിപ്രായപ്രകാരം കോടതിയെ സമീപിക്കേണ്ടി വന്നു. ഒരു ദീർഘകാലം കേസ്സ് നടന്നു. അവസാനം അല്ലാഹുവിന്റെ സുവാർത്ത പ്രകാരം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഈ കേസ്സിൽ വിജയിച്ചു. മതിൽ പൊളിച്ചു മാറ്റി. മസീഹ് മൗഊദ് عليه السلام ന്റെ വക്കീൽ ഹുസൂറിനെ അറിയിക്കാതെ മിർസാ ഇമാമുദ്ദീൻ സാഹിബിന്നും മിർസാ നിസാമുദ്ദീൻ സാഹിബിന്നും എതിരായി കേസ്സ് കൊടുത്തു. അത് കാരണം അവരുടെ സ്വത്ത് ജപ്തി ചെയ്യാനുള്ള ഓർഡർ വന്നു. എന്നാൽ ഇവരുടെ കൈവശം മറ്റൊന്നും ഇല്ലായിരുന്നു. അവർ വളരെ താഴ്മയോടെ മസീഹ് മൗഊദിന് ഒരു കത്തയച്ചു. എല്ലാവിധ ശത്രുതയും ഉണ്ടായിട്ടും അവർ കത്ത് എഴുതിയത് ഇപ്രകാരമാണ്. സഹോദരനായിക്കൊണ്ട് ഞങ്ങളുടെ സ്വത്ത് ജപ്തി ചെയ്യിപ്പിച്ച് എന്തിനാണ് ഞങ്ങളെ അപമാനിക്കുന്നത്. മസീഹ് മൗഊദ് عليه السلام അപ്പോഴാണ് കാര്യങ്ങൾ അറിയുന്നത്. ആ മഹാത്മാവ് വക്കീലിനോട് ദേഷ്യപ്പെടുകയാണുണ്ടായത്. ഞാൻ അവർക്കെതിരിൽ അപ്പീൽ നൽകാൻ പറഞ്ഞിട്ടില്ലല്ലൊ? ഉടനെ അത് പിൻവലിക്കുക എന്ന് പറഞ്ഞു. അവർക്ക് മറുപടി നൽകിക്കൊണ്ടെഴുതി. നിങ്ങൾ സമാധാനമായിട്ടിരിക്കുക. ജപ്തിയൊന്നും ഉണ്ടാവില്ല. ഈ നടപടികളെല്ലാം ഞാനറിയാതെയാണ് നടന്നത്. ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ഇതിനെക്കുറിച്ച് എഴുതുന്നു. മസീഹ് മൗഊദ് عليه السلام ന് ഇശായുടെ സമയത്ത് ഇൽഹാം മുഖേന (സ്വപ്നം മുഖേന) ഇപ്രകാരം അറിയിച്ചിരുന്നു. ഈ ഭാരം ഇവർക്ക് അസഹനീയ്യമാണ്. എതിരാളികളായ കുടുംബങ്ങൾ വളരെ പ്രയാസത്തിലാണ്. കോടതിവിധി ഇവർക്ക് വളരെ പ്രയാസമുണ്ടാക്കുന്നതാണ്. അതുകൊണ്ട് അവർ പ്രയാസത്തിലാണ്. മസീഹ് മൗഊദ് عليه السلام പറയാറുണ്ടായിരുന്നു. എനിക്ക് രാത്രി മുഴുവനും ഉറക്കം വന്നില്ല. ഞാൻ ഉടനെ ഒരാളെ അയച്ചു. എന്നിട്ട് അവരോട് പറയാൻ പറഞ്ഞു. എല്ലാ ചെലവും മാപ്പാക്കുന്നു. ജപ്തി ഒന്നും നടക്കുന്നതല്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു. ഹദ്റത്ത് സാഹിബിന്റെ ആദ്യകാലത്ത് ഖാദിയാനിലെ ആളുകൾ ജമാഅത്തംഗങ്ങളെ വളരെയധികം ബുദ്ധിമുട്ടിപ്പിച്ചിരുന്നു. മിർസാ ഇമാമുദ്ദീൻ, മിർസാ നിസാമുദ്ദീൻ എന്നിവരും ഖാദിയാനിലെ സിക്കുകാരും ബുദ്ധിമുട്ടിപ്പിക്കുന്നതിൽ മുൻപന്തിയിലായിരുന്നു. സിക്കുകാരെ ഇവർ ഇളക്കിവിടും. അവർ അഹ്മദികളെ വല്ലാതെ പ്രയാസപ്പെടുത്തു. മസീഹ് മൗഊദിനെ കാണാൻ വരുന്നവരെയെല്ലാം ബുദ്ധിമുട്ടിപ്പിക്കും. ചീത്തപറയുക മാത്രമല്ല, അടിപിടിവരെ നടത്തിയിട്ടുണ്ട്. ഏതെങ്കിലും ഒരു അഹ്മദി അതിഥി അറിയാതെ അന്യരുടെ വയലിൽ പോയി മലമൂത്രവിസർജ്ജനം ചെയ്തുപോയാൽ സിക്കുകാർ അവരെ നിർബന്ധിപ്പിച്ച് അവരുടെ കൈകൊണ്ട്തന്നെ അവർ വിസർജ്ജിച്ച മലം എടുപ്പിക്കുമായിരുന്നു. അവരുടെ മലമൂത്രവിസർജ്ജനത്തിന് മറ്റ് സൗകര്യങ്ങൾ അന്നില്ലായിരുന്നു. പലപ്പോഴും ആദരണീയരായ അഹ്മദികൾ അവരുടെ കൈകൊണ്ട് അടി വാങ്ങിയിട്ടുണ്ട്. അഹ്മദികൾ വെറുതെകിടക്കുന്ന സ്ഥലത്ത് നിന്ന് അൽപം മണ്ണെടുത്താൽ അവിടെ പണിയെടുക്കുന്ന കൂലിക്കാരുടെ മൺവെട്ടിയും കൊട്ടയും എല്ലാം പിടിച്ചുകൊണ്ട് പോകും. അവരെ അവിടെനിന്ന് പുറത്താക്കുകയും ചെയ്യും. ആരെങ്കിലും പ്രതികരിച്ചാൽ അതിനീചമായ ചീത്തവാക്കുകൾ പറയുകയും അവരെ അടിക്കുകയും ചെയ്തിരുന്നു. നിത്യവും ഇങ്ങിനെയുള്ള പരാതികൾ മസീഹ് മൗഊദിന്റെ അടുത്ത് എത്തിക്കൊണ്ടിരുന്നു. എന്നാൽ ആ മഹാത്മാവ് എപ്പോഴും പറഞ്ഞിരുന്നത്. നിങ്ങൾ ക്ഷമിക്കുക എന്നാണ് എപ്പോഴും ഈ ഉപദേശം മാത്രമാണ് നൽകിയത്. ചില അഹ്മദികൾ സ്വയം നിയന്ത്രിക്കാൻ കഴിയാതെ ഹദ്റത്ത് സാഹിബിന്റെ അടുത്ത് വരും എന്നിട്ട് പറയും. ഹുസൂർ ഞങ്ങൾക്ക് ഇവരെ നേരിടാനുള്ള അനുവാദം നൽകിയാലും. മറ്റൊന്നും വേണ്ട ഞങ്ങൾ ശരിയാക്കാം. ഹുസൂർ പറയാറുള്ളത് ഇല്ല നിങ്ങൾ ക്ഷമിക്കുക എന്നാണ്.

ഒരിക്കൽ സയ്യിദ് അഹ്മദ് മുഹാജിൽ കാബൂളി തന്റെ പ്രയാസങ്ങൾ അഹ്മദ് സാഹിബിന്റെ അടുത്ത് വിവരിച്ചു. എന്നിട്ട് നേരിടാൻ അനു

വാദം ചോദിച്ചു. അദ്ദേഹം കാബൂൽ സ്വദേശിയായിരുന്നു. അൽപം ചൂടൻ പ്രകൃതമായിരുന്നു അദ്ദേഹത്തിന്റെത്. ഹദ്റത്ത് സാഹിബ് പറഞ്ഞു. ''നോക്കൂ. സമാധാനത്തോടും ക്ഷമയോടും കൂടി ഇവിടെ നിൽക്കാൻ കഴിയുമെങ്കിൽ ഇവിടെ നിൽക്കുക. ഇനി അടിപിടി കൂടണമെങ്കിൽ, ക്ഷമിക്കാൻ കഴിയില്ലെങ്കിൽ കാബൂളിലേക്ക് പോകുക. ഈ ഒരു അധ്യാപനത്തിന്റെ ഫലമായിട്ടാണ് മറ്റുള്ളവരുടെ ചെറിയ ചെറിയ കാര്യങ്ങൾപോലും ക്ഷമിക്കാൻ കഴിയാത്ത ആദരണീയരായ അഹ്മദികൾ നിന്ദ്യരും നീചരുമായ ആളുകളിൽ നിന്ന് പ്രയാസവും നിന്ദ്യതയും ഏറ്റുവാങ്ങിക്കൊണ്ടിരുന്നത്. ഒരിക്കലും പ്രതികരിച്ചിരുന്നില്ല.'' എന്നാൽ ഒരിക്കൽ ഒരു പാവം അഹ്മദി തന്റെ വീട് നിർമ്മാണത്തിനായി ഒഴിഞ്ഞുകിടന്നിരുന്ന സ്ഥലത്ത് നിന്ന് അൽപം മണ്ണെടുത്തു. സിക്കുകാർ ഒരു സംഘം ആളുകളെക്കൂട്ടി വടിയുമായി വന്ന് അദ്ദേഹത്തിന്റെ വീട് ആക്രമിച്ചു. അഹ്മദികൾ ആദ്യമൊക്കെ മാറിനിന്നു. എന്നാൽ നിരപരാധിയായ അഹ്മദികളെ അവർ അടിക്കാൻ തുടങ്ങുകയും വീട് കേട് വരുത്താൻ തുടങ്ങുകയും ചെയ്തപ്പോൾ ചില അഹ്മദികൾ അതിനെ നേരിട്ടു. ഇരുകൂട്ടരിലും പെട്ട ചിലർക്ക് ഇതുകാരണം പരിക്കേൽക്കേണ്ടി വന്നു. അങ്ങനെ അക്രമികൾക്ക് അവിടെനിന്നും ഓടേണ്ടിവന്നു. ഖാദിയാനിലെ അനഹ്മദികൾക്ക് അന്നാണ് മനസ്സിലായത് അഹ്മദികൾ ഭയപ്പെടുന്നത് അവരെയല്ല മറിച്ച് അവരുടെ ഇമാമിനെയാണെന്ന്. ഇതിനുശേഷം പോലീസ് ഈ കാര്യങ്ങളന്വേഷിച്ചു. അഹ്മദികൾ മർദ്ദിതരായതുകൊണ്ടും അനഹ്മദികൾ സംഘം ചേർന്ന് ഒരു അഹ്മദിയുടെ വീട് അക്രമിച്ചതുകൊണ്ടും അവർ വടിയും കുന്തവുമായി ആയുധധാരികളായി വന്ന് അക്രമിക്കുകയും ചെയ്തതുകൊണ്ട് പോലീസ് നമുക്കെതിരായിരുന്നിട്ടുകൂടി അവർക്കെതിരിൽ കേസ്സ് എടുക്കാൻ നിർബന്ധിതരായി. അവർ അറസ്റ്റ് ചെയ്യപ്പെടും എന്ന് മനസ്സിലായപ്പോൾ അവരുടെ ആളുകൾ മസീഹ് മൗഊദിന്റെ അടുത്ത് ഓടിവരികയും, ഞങ്ങൾക്ക് തെറ്റുപറ്റി, ഹുസൂർ ഞങ്ങളോട് ക്ഷമിക്കണമെന്നും പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അവർക്ക് പൊറുത്തുകൊടുത്തു.

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു. മീററ്റിൽ നിന്ന് അഹ്മദ് ഹുസൈൻ ശൗകത്ത് സാഹിബ് ശാനയെ ഹിന്ദ് എന്ന പത്രം പ്രസിദ്ധീകരിച്ചു. പൗരസ്ത്യ ഭാഷയിലുള്ള മുജദ്ദിദായാണ് അയാൾ തന്നെക്കുറിച്ച് പറയാറുള്ളത്. ഹദ്റത്ത് മസീഹ് മൗഊദിന്റെ എതിരിൽ പത്രത്തിലെ ഒരു സപ്ലിമെന്റ് അയാൾ പുറത്തിറക്കി. അതിൽ നാനാതരം അശ്ലീല വിഷയങ്ങളും മസീഹ് മൗഊദിന്നെതിരിൽ പ്രസിദ്ധീകരിച്ചിരുന്നു. അങ്ങിനെ ജമാഅത്തിനെ വല്ലാതെ വേദനിപ്പിച്ചിരുന്നു. മീററ്റിലെ ജമാഅത്തിനെ അത് വളരെ വേദനിപ്പിച്ചു. അവിടെ നിന്നാണ് ആ അശ്ലീല പത്രം പ്രസിദ്ധീകരിച്ചിരുന്നത്. 1902 ഒക്ടോബർ 2 ലെ സംഭവമാണ്. മീററ്റ് ജമാഅത്ത് പ്രസിഡന്റ് ശൈഖ് അബ്ദുർറശീദ് സാഹിബ് ഇദ്ദേഹം വലിയ കച്ചവടക്കാരനും ഭൂ ഉടമയുമാണ്. അദ്ദേഹം വന്ന് മസീഹ് മൗഊദിനോട് പറഞ്ഞു. ശാനയെ ഹിന്ദ് എന്ന പത്രത്തിന്റെ സപ്ലീമെന്റിനെതിരിൽ കോടതിയെ സമീപിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മസീഹ് മൗഊദ് عليه السلام ഇതു കേട്ടപ്പോൾ പറഞ്ഞത്. നമുക്ക് അല്ലാഹുവിന്റെ കോടതി മതി. അല്ലാഹു നിശ്ചയിച്ചതിനെ മാറ്റിമറിക്കുകയാണെങ്കിൽ അത് പാപമായിത്തീരുന്നതാണ്. അത്കൊണ്ട് ക്ഷമയോടും സഹനത്തോടും കൂടി വർത്തിക്കുക. (യഥാർത്ഥത്തിൽ അത്രയും അശ്ലീലമായ ഒരു പത്രമായിരുന്നു അത്.)

തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ടുള്ള ഒരു കാര്യം ഹദ്റത്ത് ബശീർ അഹ്മദ് സാഹിബ് എഴുതുന്നു. മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് എന്നോട് വിവരിച്ചു. ഒരിക്കൽ അലാദ്ദീൻ സാഹിബ് ഫിലാസഫർ, മൗലവി അബ്ദുൽ കരീം സാഹിബിനോട് അപമര്യദയായി പെരുമാറി. മൗലവിസാഹിബിന് അപ്പോൾ ദേഷ്യം വരികയും ഫിലാസഫർ സാഹിബിന് ഒരൊറ്റ അടികൊടുക്കുകയും ചെയ്തു. ഫിലാസഫർ അടികിട്ടിയപ്പോൾ ഒന്നുകൂടി ചൂടായി. അതുമിതും പറയാൻ തുടങ്ങി. അപ്പോൾ ചിലർ ഫിലാസഫരെ പൊതിരെ തല്ലി. അദ്ദേഹം റോഡിന്റെ നടുവിൽ നിന്ന് ഒച്ചവെക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ ശബ്ദം വല്ലാതെ ഉയർന്നു മസീഹ് മൗഊദിന്റെ ചെവിയിലും ഈ ശബ്ദം എത്തി. മഗ്രിബിനു മുമ്പ് മസീഹ് മൗഊദ് പള്ളിയിൽ വന്നു. മുഖത്ത് അനിഷ്ടത്തിന്റെ അടയാളം പ്രകടമായിരുന്നു. പള്ളിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി. മൗലവി അബ്ദുൽ കരീം സാഹിബും അവിടെയുണ്ടായിരുന്നു. പറഞ്ഞു. ഇങ്ങിനെ ആരെയെങ്കിലും അടിക്കുക എന്നത് തീരെ ശരിയായ നടപടിയല്ല. വളരെ മോശമായ പ്രവൃത്തിയായിപ്പോയി. അപ്പോൾ മൗലവി സാഹിബ് ഫിലാസഫറുടെ തെമ്മാടിത്തരത്തെക്കുറിച്ചും താൻ കുറ്റക്കാരനല്ലെന്നും പറയാൻ ശ്രമിച്ചു. അപ്പോൾ ദേഷ്യപ്പെട്ടുകൊണ്ട് മസീഹ് മൗഊദ് പറഞ്ഞു. എന്തായാലും അനുവദനീയമല്ലാത്ത പ്രവർത്തിയാണ് സംഭവിച്ചത്. അല്ലാഹുവിന്റെ റസൂൽ നിങ്ങളിൽ ഉണ്ടായിരിക്കെ നിങ്ങൾ ഇപ്രകാരം ഓരോന്നും ചെയ്യരുതായിരുന്നു. എന്നോട് ചോദിക്കുകയാണ് വേണ്ടിയിരുന്നത്. ഇത് കേട്ടപ്പോൾ മൗലവിസാഹിബ് കരഞ്ഞുപോയി. ഹദ്റത്ത് സാഹിബിനോട് മാപ്പിനപേക്ഷിക്കുകയും ചെയ്തു. ഫിലാസഫറെ അടിച്ച എല്ലാവരും പോയി ഫിലാസഫറോട് മാപ്പുചോദിച്ചു. അദ്ദേഹത്തിന് പാലും മറ്റും വാങ്ങിക്കൊടുക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. ''ജനങ്ങളെ, ഓർത്തിരിക്കുക. ഇത് ആകാശഭൂമികളുടെ സ്യഷ്ടാവിന്റെ പ്രവചനമാണ്. അവൻ തന്റെ ജമാഅത്തിനെ ലോകത്ത് നാനാഭാഗത്തും പരത്തുന്നതാണ്. ശക്തമായ തെളിവുകളും സാക്ഷ്യങ്ങളും മുഖേന മറ്റെല്ലാത്തിനു മുകളിലും ഇതിന് വിജയം നൽകുന്നതാണ്. ആ ദിനം ഇതാ വരുന്നു. അല്ലാ ഇതാ സമീപസ്ഥമാണ്. ലോകത്ത് ആദരവോടുകൂടി സ്മരിക്കപ്പെടുന്ന ഒരേ ഒരു മതം ഇതുമാത്രമായിരിക്കും. അല്ലാഹു ഈ മതത്തിലും ഈ പ്രസ്ഥാനത്തിലും അത്യുന്നതമായ അനുഗ്രഹവർഷം ചൊരിയുന്നതാണ്. ഇതിനെ തകർക്കാൻ ലക്ഷ്യംവെച്ച് നടക്കുന്ന ഓരോരുത്തരേയും പരാജയപ്പെടുത്തുന്നതാണ്. ഈ വിജയം എന്നെന്നും നിലനിൽക്കും. അങ്ങിനെ ഖിയാമത്ത് വരുന്നതാണ്. എന്നെ ഇപ്പോൾ പരിഹസിക്കുന്നുണ്ടെങ്കിൽ ഈ പരിഹാസംകൊണ്ട് എന്ത് നഷ്ടമാണ് വരാനുള്ളത്. ഒരു പ്രവാചകനുംതന്നെ പരിഹസിക്കപ്പെടാത്തതായില്ല. അതുകൊണ്ട് മസീഹ് മൗഊദും പരിഹസിക്കപ്പെടേണ്ടതായിരുന്നു. അല്ലാഹു പറയുന്നു.

يٰحَسْرَةً عَلَى الْعِبَادِ ۚ مَا يَأْتِيهِمْ مِنْ رَسُولٍ إِلَّا كَانُوا بِهِ يَسْتَهْزِءُونَ

എല്ലാ ഓരോ പ്രവാചകരും പരിഹസിക്കപ്പെടുന്നു എന്നതും അല്ലാഹുവിൽ നിന്നുള്ള ഒരടയാളമാണ്. ആകാശത്തിൽ നിന്ന് എല്ലാവരുടേയും കൺമുമ്പാകെ ഇറങ്ങുന്ന വ്യക്തി അദ്ദേഹത്തോടൊപ്പം മലക്കുകളും ഉണ്ടായിരിക്കെ അദ്ദേഹത്തെ ആര് പരിഹസിക്കാനാണ്. (മസീഹ് മലക്കുകളുടെ തോളിൽ കൈവച്ചുകൊണ്ട് ഇറങ്ങും എന്നത് അനഹ്മദികളുടെ വാദമാണ്. ഇങ്ങിനെ ഇറങ്ങുന്ന വ്യക്തിയെ ആരാണ് പരിഹസിക്കുക.) ഇതിൽ നിന്നുതന്നെ ഒരു ബുദ്ധിശാലിക്ക് മനസ്സിലാക്കാം വാഗ്ദത്ത മസീഹ് ആകാശത്ത് നിന്ന് ഇറങ്ങും എന്ന വിശ്വാസം തെറ്റാണെന്ന്. ഓർക്കുക. ആരും ആകാശത്തുനിന്നിറങ്ങില്ല. ഇപ്പോൾ ജീവിച്ചിരിക്കുന്ന നമ്മുടെ എല്ലാ എതിരാളികളും മരിക്കുന്നതാണ്. അവർ ആരും ഈസബ്നുമറിയം ആകാശത്ത് നിന്ന് ഇറങ്ങിവരുന്നത് കാണുകയില്ല. അവരുടെ ബാക്കിയുള്ള മക്കളും മരിക്കും; അവരിലും ആരും തന്നെ ഈസബ്നുമറിയമിനെ ആകാശത്തുനിന്ന് ഇറങ്ങിവരുന്നത് കാണുകയില്ല. മക്കളുടെ മക്കളും മരിക്കും; അവരും മറിയമിന്റെ മകൻ ആകാശത്ത് നിന്ന് ഇറങ്ങുന്നത് കാണില്ല. അപ്പോൾ അല്ലാഹു അവരുടെ ഹ്യദയത്തിൽ അസ്വസ്ഥത ഇട്ടുകൊടുക്കും. കുരിശുവിജയത്തിന്റെ കാലം കഴിഞ്ഞിട്ടും. ലോകം മാറ്റത്തിന് വേധേയമാകുകയും ചെയ്തിട്ടും മറിയമിന്റെ മകൻ ഈസാ ഇതുവരെയും ആകാശത്ത് നിന്ന് ഇറങ്ങിയിട്ടില്ലല്ലോ? അപ്പോൾ

ബുദ്ധിശാലികൾ ഈ വിശ്വാസത്തെ കൈവെടിയുന്നതാണ്. ഇന്നുമുതൽ മൂന്ന് നൂറ്റാണ്ട് പൂർത്തിയാകുന്നതിനുമുമ്പെ ഈസായെ പ്രതീക്ഷിക്കുന്ന മുസ്‌ലിംകളും ക്രിസ്ത്യാനികളും എല്ലാം നിരാശരും പ്രതീക്ഷ മങ്ങിയവരുമായി ഈ തെറ്റായ വിശ്വാസത്തെ കൈവെടിയുന്നതാണ്. ലോകത്ത് ഒരേ ഒരു മതവും ഒരേ ഒരു മതനേതാവും മാത്രമായിത്തീരുന്നതാണ്. ഞാൻ ഒരു ബീചാവാപം ചെയ്യാനാണ് വന്നിരിക്കുന്നത്. ആ ബീജം എന്റെ കയ്യാൽ നടപ്പെട്ടു. അത് വളരും പുഷ്പിക്കും. ആർക്കും തന്നെ അതിനെ തടയാൻ സാധ്യമല്ല.''

ഇപ്പോൾ അന്യർ നമ്മോട് ചോദിക്കുന്നു. ചില ബലഹീനരും ഇതിൽ കുടുങ്ങിപ്പോകുന്നു. എത്രകാലംവരെയാണ് നിങ്ങൾ ക്ഷമിച്ചിരിക്കുക. കഴിഞ്ഞ ഖുത്ബുബകളിൽ ഞാൻ ഇത് പരാമർശിച്ചിരുന്നു. സഹതാപത്തിന്റെ പേരും പറഞ്ഞ് മുതലകണ്ണീരൊഴുക്കുന്നവർക്ക് നമ്മെക്കുറിച്ചെന്താണിത്ര വ്യാകുലത. അവർ സ്വയം ശരിയായാൽ മതിയായിരുന്നു. അവരുടെ പര്യവസാനത്തെക്കുറിച്ച് ചിന്തിച്ചാൽ മതിയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഈ പ്രയാസങ്ങളും എതിർപ്പുകളും കുറഞ്ഞകാലംകൊണ്ട് അവസാനിക്കും എന്ന് പറഞ്ഞിട്ടില്ല. അഹ്മദികൾ മുപ്പത് നാൽപത് വർഷം കൊണ്ട് അല്ലെങ്കിൽ 100 വർഷംകൊണ്ട് ലോകത്ത് വിജയം വരിക്കും എന്നും പറഞ്ഞിട്ടില്ല. പറഞ്ഞത് ഇന്നേക്ക് മുന്നൂറ് വർഷം പൂർത്തിയാകുന്നതിന് മുമ്പാണ്. ഈ ഉദ്ധരണി തദ്കിറത്തുശ്ശഹാദത്തൈൻ എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തതാണ്. 1903 ലാണ് എഴുതിയത്. 107 വർഷം മുമ്പ്. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് എതിർപ്പുകൾ സഹിച്ചുകൊണ്ട് ക്ഷമയോടും സഹനത്തോടുംകൂടി മുന്നേറിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ 198 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ജമാഅത്ത് നിത്യവും വളർന്നുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ എല്ലാ ഭാഗത്തും നാംഅഹ്മദിയ്യാ ജമാഅത്തിനെ കാണുന്നുണ്ട്. ഈ വിജയമാണ് ശത്രുക്കളെ ഇളക്കിമറിച്ചിരിക്കുന്നത്. ഈ എതിർപ്പുകളും ശത്രുതയും വർദ്ധിക്കുന്നതും ജമാഅത്തിനെതിരിൽ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നതും എല്ലാം ജമാഅത്ത് വ്യാപിക്കുന്നത് കാണുന്നതുകൊണ്ടാണ്. അതുകൊണ്ട് മസീഹ് മൗഊദ് عليه السلام നട്ട ഈ ബീജം വളർന്ന് പന്തലിക്കുകയാണ്. പ്രകൃതി നിയമമുണ്ട്- ഫലം നൽകുന്ന വൃക്ഷങ്ങളിലും ഒന്നും രണ്ടും ശാഖകൾ ഉണങ്ങിയതായി കണ്ടേക്കാം. അത്തരം ശിഖിരത്തെ അതിന്റെ ഉടമസ്ഥർ വെട്ടി മാറ്റാന്നതാണ്. വൃക്ഷത്തിൽ നിന്നും ഫലം ലഭിക്കുന്നതിന് ഇത് ഒരു തടസ്സമായി മാറുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദിനാൽ നടപ്പെട്ട പച്ചിളപ്പിലുള്ള ഈ വൃക്ഷം ക്ഷമയുടേയും ദുആയുടേയും വെള്ളം കൊണ്ടാണ് സേജനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് പുഷ്പിക്കുകയും കാഴ്ക്കുകയും ചെയ്തുകൊണ്ടേയിരിക്കും. ഈ വെള്ളത്തിൽ നിന്ന് ഫലമെടുക്കാത്ത ശാഖകൾ ഉണങ്ങിയ ശാഖപോലെയായിരിക്കും. അത് മുറിച്ചുമാറ്റപ്പെടുന്നതാണ്. അഹ്മദിയ്യത്തിന്റെ എതിർപ്പിൽ ശക്തി പ്രാപിച്ചിരിക്കുന്ന ഇക്കാലത്ത്, എതിർപ്പുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, എതിർപ്പുകൾ കുറഞ്ഞിരുന്ന ആഫ്രിക്കൻ നാടുകളിൽപോലും ഇപ്പോൾ പൂർവ്വാധികം ശക്തി പ്രാപിച്ചിരിക്കുകയാണ്, ക്ഷമയോടും ദുആ മുഖേനയും ഓരോ അഹ്മദിയും അല്ലാഹുവിനോട് മുമ്പത്തെക്കാളുപരി സഹായം തേടേണ്ടതാണ്. പച്ചപ്പുള്ള വളർന്ന് പന്തലിക്കുന്ന ഈ വൃക്ഷത്തിന്റെ ഭാഗമായിത്തീരാൻ ശ്രമിക്കുക.അല്ലാഹു നമുക്കെല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ് കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം, **PHONE : 9497343704**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 26 - 11 - 2010 at**
**London**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**